**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6260** **10-07-2024 - ൽ മറുപടിയ്ക്ക്**

**രണ്ടാം കുട്ടനാട് പാക്കേജിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2018 ലുണ്ടായ അതിരൂക്ഷമായ വെള്ളപ്പൊക്കം കുട്ടനാട്ടിലെ ജനജീവിതത്തെയും സമ്പത്ത് വ്യവസ്ഥയെയും കാർഷിക മേഖലയെയും വലിയ രീതിയിൽ ബാധിക്കുകയുണ്ടായി. കുട്ടനാട്ടിൽ തുടർച്ചയായുണ്ടായ വെള്ളപ്പൊക്കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കുട്ടനാട്ടിലെ വെള്ളപ്പൊക്ക കെടുതിയെക്കുറിച്ച് വിശദമായി അവലോകനം ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷം മുതൽ പ്ലാൻ സ്കീം, നബാർഡ് – (RIDF) സ്കീമിലും ഉൾപ്പെടുത്തി കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും തോടുകളിൽ നിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ 387.76 കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത് |

| | | |
|---|---|---|
| 2019-20 | Plan | 32 Cr |
| 2020-21 | Plan | 17.40 Cr |
| | NABARD | 29.10 Cr |
| 2021-22 | Plan | 30Cr |
| 2022-23 | Plan | 33 Cr |
| | NABARD | 32.26 Cr |
| | Budget Speech | 20.00 Cr |
| 2023-24 | Plan | 37.00 Cr |
| | Budget Speech | 100.00 Cr |
| 2024-25 | Plan | 57.00 Cr |

രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടുകൂടി WRD 025-29/APR-6/2019/KIIFB dated 26.06.2019 പ്രകാരം 289.54

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് WRD 025-29/APR-6/2019/KIIFB 23.11.2023പ്രകാരം 385.01 കോടി രൂപയായി പുതുക്കിയിരുന്നു. ഇതിൽ കുട്ടനാട് നിയോജകമണ്ഡലത്തിലെ 13 പഞ്ചായത്തുകൾക്കായി 30 എം.എൽ.ഡി ശേഷിയുള്ള ജലശുദ്ധീകരണ ശാലയും, 46 കി.മി ട്രാൻസ്മിഷൻ മെയിനും, 13 പഞ്ചായത്തുകളിലും ഉന്നതതല ജലസംഭരണികളും ഈ പഞ്ചായത്തുകളിലെ 895 കി.മീ ജലവിതരണ ശൃംഖലയും സ്ഥാപിക്കുന്നതിന് വേണ്ടിയാണ് പദ്ധതി നിലവിൽ വന്നത്. ജലശുദ്ധീകരണ ശാലയ്ക്കും, ജലസംഭരണികൾക്കും വേണ്ട സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ട സ്ഥലങ്ങളുടെ wet land conversion നടപടികൾ പൂർത്തിയായിട്ടുണ്ട്.<br><br>ഇതിൽ തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് സ്ഥാപിക്കുന്ന ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തിക്ക് 12.06.2024 ൽ പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ കെ.എസ്.റ്റി.പി വഴി നടന്നുവരുന്ന സെമി എലവേറ്റഡ് ഹൈവേയുടെ നിർമ്മാണത്തോടനുബന്ധിച്ച് 11.7കി.മീ ട്രാൻസ്മിഷൻ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.<br><br>തകഴി പഞ്ചായത്തിലെ ജലസംഭരണിയുടേയും, എടത്വാ,വീയപുരം, തലവടി,തകഴി എന്നീ പഞ്ചായത്തുകളിലായി 311 കി.മീ വിതരണ ശൃംഖലയുടേയും പ്രവൃത്തി കരാറുകാരൻ ഉയർന്ന നിരക്കിൽ ക്വോട്ട് ചെയ്തിരിക്കുന്നതിനാൽ സർക്കാരിൽ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിച്ച് വരുകയാണ്.<br><br>ബാക്കിയുള്ള 34.3കി.മീ ട്രാൻസ്മിഷൻ മെയിന്റേയും, 574 കി.മീ ജലവിതണ ശൃംഖലയുടേയും, 12 ഉന്നതതല ജലസംഭരണികളുടേയും നിർമ്മാണ പ്രവൃത്തികളുടെ ദർഘാസ് നിരവധി തവണ ക്ഷണിച്ചിട്ടും കരാറുകാർ ആരും തന്നെ പങ്കെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്ന പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ മുഴവൻ പാടശേഖരങ്ങളിലും ട്രാക്ടർ റോഡോടുകൂടിയ ബണ്ട് ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികളുടെ ഭാഗമായി ബണ്ട് ബലപ്പെടുത്തൽ ചെയ്തു വരുന്നുണ്ട്. ട്രാക്ടർ റോഡുകളുടെ പ്രവൃത്തികളൊന്നും നിലവിൽ ചെയ്യുന്നില്ല. പാടശേഖരങ്ങളിൽ വെള്ളം കവിഞ്ഞു കയറി കൃഷി നാശം സംഭവിക്കാതിരിക്കുന്നതിലേക്കായി പാടശേഖരങ്ങളുടെ പുറംബണ്ട് ഉയരം കൂട്ടി ബലപ്പെടുത്തുന്നതിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവൃത്തികളാണ് ബഡ്ജറ്റിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് ഇപ്പോൾ |

| | | | |
|---|---|---|---|
| | | | നടന്നുവരുന്നത്. കൂടുതൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ബണ്ടുകൾ ട്രാക്ടർ റോഡുകളായി മാറ്റുന്ന പ്രവൃത്തികൾ കൂടി ഉൾപ്പെടുത്താവുന്നതാണ്. ബഡ്ജറ്റിൽ തുക വകയിരുത്തുന്നതനുസരിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |
| (സി) | കുട്ടനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പാക്കേജിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | കുട്ടനാട്ടിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എല്ലാ പ്രവൃത്തികൾക്കും നൽകുവാൻ സാധിക്കുന്ന പരമാവധി പൂർത്തീകരണ കാലാവധി നൽകി വരുന്നുണ്ട്. പാടശേഖരത്തിലെ കൃഷി സീസണും കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസരിച്ച് പാടശേഖരങ്ങളോട് ചേർന്നുള്ള തോടുകളിലും ഉണ്ടാകുന്ന വെള്ളപ്പൊക്കവും നിയന്ത്രണവിധേയമല്ലാത്തതിനാൽ ബാക്കിയുള്ള മുഴുവൻ സമയവും പ്രവൃത്തി പൂർത്തീകരണത്തിനായി വിനിയോഗിച്ചു കൊണ്ട് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കരാറുകാരന് നൽകി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പ്രവൃത്തികൾ വിജയകരമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് പ്രവൃത്തിയുടെ ആരംഭഘട്ടം മുതൽ പ്രവൃത്തി പൂർത്തീകരണം വരെ ക്രമമായി പ്രവൃത്തി പുരോഗതി സംബന്ധിച്ച് എല്ലാ ഉദ്യോഗസ്ഥ തലങ്ങളിലും അവലോകന യോഗങ്ങൾ നടത്തി വരികയും തടസ്സരഹിതമായി പ്രവൃത്തി സുഗമമായി നടക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വിവിധ തലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി Pask software ഉപയോഗിച്ച് വരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ തല അവലോകന യോഗങ്ങൾ നടത്തുകയും,, ബഹു. നിയമസഭാ സമാജികരും, ജില്ലാ കളക്ടറും, കിഫ്ബി ഉദ്യോഗസ്ഥരും, കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി കായലിലേയും ആറുകളിലേയും തോടുകളിലേയും പായലും എക്കലും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികളുടെ ഭാഗമായി അതിനോട് ബന്ധപ്പെട്ട് കിടക്കുന്ന തോടുകളുടെയും ചാലുകളുടെയും ആഴംകൂട്ടി നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ എല്ലാവർഷവും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ